പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

സെപ്റ്റംബർ 2020




**സെപ്റ്റംബർ 1-8**
എട്ടുനോമ്പ് ആചരണം

**സെപ്റ്റംബർ 14**
സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ.

**സെപ്റ്റംബർ 20**
ഏലിയാ – സ്ലീവാ – മൂശെക്കാലം ഒന്നാം ഞായർ



# യാത്രാമംഗളങ്ങൾ...

അങ്ങു ഞങ്ങൾക്ക് നൽകിയ
ബലിജീവിതത്തിന്...
ഞങ്ങൾക്കായി കൂദാശകൾ
പരികർമ്മം ചെയ്തതിന്...
ദിവ്യ സക്രാരിക്കു മുമ്പിൽ ഞങ്ങൾക്കായി
മണിക്കൂറുകൾ ചെലവഴിച്ചതിന്...
ഞങ്ങളുടെ ജീവിതപാതയിൽ
വഴിവിളക്കായി വർത്തിച്ചതിന്

**ബഹുമാനപ്പെട്ട പുത്തൻപുരയിലച്ചന്**

ഒരായിരം നന്ദി...

# ഹൃദ്യമായ സ്വാഗതം...



ആഴമേറിയ ആത്മീയതയും
സഭാ സ്നേഹവും
കൈമുതലാക്കി
കത്തീഡ്രൽ ഇടവകയെ
നയിക്കുവാൻ എത്തിയിരിക്കുന്ന

**ബഹുമാനപ്പെട്ട കൊച്ചുപറമ്പിലച്ചന്**

സ്വാഗതം...



# സ്നേഹസ്മരണയ്ക്ക്



## അന്നമ്മ ജോസഫ് അയ്യരുകുളങ്ങര

മരണം: 26.08.2019

പ്രാർത്ഥനാപൂർവ്വം

**അയ്യരുകുളങ്ങര ഗ്രൂപ്പ്**


**അയ്യരുകുളങ്ങര**

എന്റർപ്രൈസസ്

**duroflex STORE**

മെത്തകൾ, തലയിണകൾ, കുഷ്യൻസ്...

മാർക്കറ്റ് റോഡ്, കവല, ചങ്ങനാശേരി

0481 2420434, 9495190669

**അയ്യരുകുളങ്ങര**

ഹൗസ്ഹോൾഡ് സെന്റർ

ഗൃഹോപകരണങ്ങളുടെ സൂപ്പർമാർക്കറ്റ്

മാർക്കറ്റ് റോഡ്, കവല, ചങ്ങനാശേരി

0481 2400434, 9447742463

പത്രപരസ്യങ്ങൾ കമ്പനി നിരക്കിൽ

**Ad-HIT**

**Communications**

Opp. K.S.R.T.C., Kavala

ചങ്ങനാശേരിയിലെ

അംഗീകൃത പരസ്യ ഏജൻസി

0481 2424534, 9447732185

**കർഷകന്റെ കട**

വെജി. മാർക്കറ്റ്, ചങ്ങനാശേരി

പലചരക്ക്, സ്റ്റേഷനറി

പച്ചക്കറി വിത്തുകൾ

ബിരിയാണി ഐറ്റംസ്

ഡിസ്പോസിബിൾ ഐറ്റംസ്

സ്വാശ്രയസംഘങ്ങളുടെ ഉത്പന്നങ്ങൾ

0481 2421558, 9447742463

# ഇടവകത്തിരുനാൾ







## പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ







St Joseph Orphanage Press, Chry Tel: 0481 2410101




## മുഖമൊഴി

മാനേജിംഗ് എഡിറ്റർ:
**വെരി. റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

ചീഫ് എഡിറ്റർ:
**റവ. ഫാ. വർഗീസ് കിളിയാട്ടുശ്ശേരിൽ**
9544416627

എക്സി. എഡിറ്റേഴ്സ്:
**റവ. ഫാ. മാത്യു മറ്റം**
9847660057
**റവ. ഫാ. അലൻ വെട്ടുകുഴിയിൽ**
7012116384
**റവ. ഫാ. റിജോ ഇടമുറിയിൽ**
9497801968

കൈക്കാരന്മാർ:
**ജോണി കണ്ടങ്കരി**
**വിന്നിച്ചൻ കല്ലൂക്കളം**
**ജോർജ്ജുകുട്ടി വാരണത്ത്**

കമ്മറ്റിയംഗങ്ങൾ:
**ജിജി തോമസ് പേരകശ്ശേരി**
**ഡോ. ജെ.ജി. റേ**
**ഡോ. സോണി കണ്ടങ്കരി**
**ജോസ് കാട്ടടി**
**ജോണി കണ്ടങ്കരി**

പാരിഷ് കൗൺസിൽ സെക്രട്ടറി:
**കൊച്ചുറാണി പനച്ചിക്കൽ**

രൂപകല്പന & മുദ്രണം
**സെന്റ് ജോസഫ് ഓർഫനേജ് പ്രസ്**
**ചങ്ങനാശേരി, ഫോൺ: 0481 2410101**

# പ്രതീക്ഷയോടെ...

**'പുണ്യവാന്** ഒരു ഇന്നലെയും പാപിക്ക് ഒരു നാളെയുമുണ്ട്.' പ്രതീക്ഷ നൽകുന്ന ഈ വാക്കുകൾ ഓസ്കർ വൈൽഡിന്റേതാണ്. പ്രതീക്ഷ അത്ര രുചിക്കുന്ന വാക്കല്ല ഈ സാഹചര്യത്തിൽ. മഹാമാരിയുടെ പിടിയിൽ സ്വപ്നങ്ങൾ തകർന്നടിഞ്ഞ, പ്രതീക്ഷകൾക്ക് പ്രഹരമേറ്റ നാളുകൾ...

മഹാമാരിക്കു നടുവിൽ എങ്ങനെ പ്രതീക്ഷയോടെ മുന്നേറാം? അതിനായി കാൽവരിയിലേക്ക് മിഴിയുയർത്തണം. മൂന്നാണികളിൽ, കുരിശിൽ തൂങ്ങിക്കിടക്കുമ്പോഴും ആ മനുഷ്യൻ അനുഭവിച്ച ഒരു സന്തോഷം. പീഡകൾക്കു നടുവിലും ആഹ്ലാദിക്കുവാൻ പഠിപ്പിച്ചവൻ... എങ്കിൽ നഷ്ടങ്ങളെ മറന്നുതുടങ്ങാം. സഹനങ്ങളെ സ്നേഹിച്ചു തുടങ്ങാം... കാരണം, ക്രിസ്തീയജീവിതം അതാണല്ലോ നമ്മെ പഠിപ്പിക്കുന്നത്. അനുദിന കുരിശെടുത്ത് ഗുരുവിനു പിറകെ നടന്നുനീങ്ങേണ്ട ജീവിതം...

സഹനങ്ങളുടെ രൂപഭാവങ്ങൾ മാറിയേക്കാം. നിപ്പ, പ്രളയം, കൊറോണ അങ്ങനെ പലതും... പക്ഷെ ഇവയ്ക്കു നടുവിലും ആഴത്തിൽ ഉറപ്പിച്ച അടിത്തറയുമായി, അടിയുറച്ച വിശ്വാസത്തോടെ, തീക്ഷ്ണതയേറിയ പ്രാർത്ഥനയോടെ നമുക്കു നിൽക്കാം. കരുതലോടെ, കാത്തിരിക്കാം ഒരു അതിജീവനത്തിനായി...

സ്നേഹപൂർവ്വം,

**വർഗീസച്ചൻ**

# 'സഭ'യെന്ന മഹാരഹസ്യം

മാർ ജോസഫ് പെരുന്തോട്ടം

ആരാധനാവത്സരത്തിലെ ചൈത്താക്കാലത്തിന്റെ മുഖ്യപ്രമേയം സഭയാണ്. നിരവധി നിർവ്വചനങ്ങളും വിശേഷണങ്ങളും സഭയ്ക്ക് നൽകപ്പെട്ടിട്ടുണ്ട്. അവയെല്ലാം ചേർത്തുവച്ചാലും സഭയെ പൂർണ്ണമായി മനസ്സിലാക്കുക അസാദ്ധ്യമാണ്. മനുഷ്യബുദ്ധിക്കതീതമായ സത്യങ്ങളും സഭ ഉൾക്കൊള്ളുന്നു. മനുഷ്യശക്തിക്കതീതമായ ദൈവികപ്രവർത്തനങ്ങളുടെ ഇടംകൂടിയാണ് സഭ. അവയെല്ലാം മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾക്ക് വിധേയമായിരിക്കുകയില്ല. നിഗൂഢമായ ദൈവിക പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതിനാലാണ് സഭയെ രഹസ്യം എന്നു വിളിക്കുന്നത്.

## സഭയൊരു കപ്പൽ

ലോകമാകുന്ന സമുദ്രത്തിലൂടെ യാത്ര ചെയ്യുന്ന ഒരു കപ്പലാണ് സഭ. ആടിയുലയുന്നെങ്കിലും ഈ കപ്പൽ മുങ്ങി നശിക്കുന്നില്ല. കാരണം, അതിന്റെ കപ്പിത്താൻ വിദഗ്ധനായ മിശിഹായാണ്. ഈ യാത്രയിൽ സഭയുടെ കൈയിൽ മരണത്തിന്മേലുള്ള വിജയചിഹ്നമുണ്ട്; കർത്താവായ മിശിഹായുടെ സ്ലീവായാണിത്. കിഴക്കോട്ട്, പ്രത്യാശയുടെ സ്വർഗ്ഗീയ പറുദീസായെ ലക്ഷ്യംവച്ച് യാത്ര ചെയ്യുന്ന കപ്പലാണ് സഭ. കപ്പലിനെ നിയന്ത്രിച്ചു നിർത്തുന്ന നങ്കൂരം മിശിഹായു-

**ദൈവംതന്നെ ലോകത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന മനുഷ്യരക്ഷയുടെ ഉപകരണമാണ് സഭ; അതായത്, രക്ഷയുടെ കൂദാശ. ദൈവവുമായുള്ള ഐക്യത്തിലൂടെയും തൽഫലമായി മനുഷ്യർ തമ്മിൽത്തമ്മിലുള്ള ഐക്യത്തിലൂടെയുമാണ് രക്ഷ സാധിക്കുന്നത്.**





ടെ കല്പനകളാണ്. മിശിഹായുടെ സ്നേഹമാകുന്ന ചരടുകൊണ്ട് ബന്ധിക്കപ്പെട്ടിരിക്കുന്ന സ്നേഹക്കൂട്ടായ്മയാണ് സഭ.

## സഭ അമ്മ

സഭ അമ്മയാണെന്ന് സഭാപിതാക്കന്മാർ ഉദ്ബോധിപ്പിക്കുന്നു. സഭ ജീവിക്കുന്നവരുടെ യഥാർത്ഥ അമ്മയാണെന്ന് തെർത്തുല്യനും, സഭ അമ്മയല്ലാത്തവർക്ക് ദൈവത്തെ അപ്പനായി ലഭിക്കുക അസാദ്ധ്യമാണെന്ന് സിപ്രിയാനും, നമ്മൾ സഭയ്ക്ക് മക്കളാണെന്ന് റോമിലെ ക്ലെമന്റും, സഭ കന്യകയായ അമ്മയാണെന്നും മക്കൾക്ക് അവൾ ദൈവവചനമാകുന്ന പാൽ നൽകുന്നുവെന്നും അലക്സാണ്ഡ്രിയായിലെ ക്ലെമന്റും, സഭയാകുന്ന രാജ്ഞി കന്യകാത്വത്തിന്റെ പുഷ്പങ്ങളാലും മാതൃത്വത്തിന്റെ ഫലങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നുവെന്ന് രക്തസാക്ഷിയായ മെത്തോഡിയൂസും പഠിപ്പിക്കുന്നു.

## സഭ ഒരു രഹസ്യം

സഭയിൽ ദൈവത്തിന്റെ സാന്നിദ്ധ്യവും രക്ഷാകരമായ പ്രവൃത്തികളും അദൃശ്യവും ആന്തരികവുമാണ്. അവ മനുഷ്യബുദ്ധിക്കതീതവും നിഗൂഢവുമാണ്. അതുകൊണ്ടാണ് സഭ ഒരു രഹസ്യമാണെന്നു പറയുന്നത്.

മിശിഹായുടെ കർമ്മഭൂമിയാണ് സഭ. രക്ഷകനായ മിശിഹാ തന്റെ രക്ഷാകർമ്മം തുടരുന്നത് സഭയിലും സഭയിലൂടെയുമാണ്. നമ്മെ ദൈവമക്കളും സഭാമക്കളുമാക്കുന്ന മാമ്മോദീസായും, അതിനെ പൂർത്തീകരിക്കുന്ന തൈലാഭിഷേകവും, നിരന്തരം അതിനുപോഷണം നൽകുന്ന പരിശുദ്ധ കുർബാനയും സഭയിലൂടെയുള്ള മിശിഹായുടെ പ്രവൃത്തികളാണ്. ശരീരത്തെ ശിരസ്സിനോടെന്നപോലെ സഭയെ തന്നോട് ഒട്ടിച്ചേർത്തു വളർത്തുന്ന മിശിഹായുടെ നിഗൂഢവും രക്ഷാകരവുമായ ഇടപെടലാണിത്. തന്മൂലം സഭയെ മിശിഹായുടെ മൗതികശരീരമെന്നു വിളിക്കുന്നു. മനുഷ്യൻ ശരീരംകൊണ്ടു പ്രവർത്തിക്കുന്നതുപോലെ, മിശിഹാ സഭയാകുന്ന തന്റെ ശരീരംകൊണ്ട് ഈ ലോകത്തിൽ പ്രവർത്തിക്കുന്നു.

## സഭ മണവാട്ടി

സഭ മിശിഹായുടെ മണവാട്ടിയാണെന്നുള്ള പ്രതിരൂപം വേദപുസ്തകവും സഭാപിതാക്കന്മാരും എടുത്തുപറയുന്ന ഒന്നാണ്. സഭ തന്റെ ഗുരുവായ മിശിഹായുടെ മണവാട്ടിയാണെന്നും, മണവാളനായ ഈശോ അധ്യാപകനായിരിക്കുന്ന സ്കൂളാണെന്നും അലക്സാണ്ഡ്രിയായിലെ ക്ലെമന്റും, സഭ രണ്ടാം ഹവ്വാ ആണെന്ന് മെത്തോഡിയൂസും പറയുന്നു. ആദത്തിന്റെ പാർശ്വത്തിൽനിന്ന് ഹവ്വാ സൃഷ്ടിക്കപ്പെട്ടതു

പോലെ കർത്താവിന്റെ മുറിവേറ്റ പാർശ്വത്തിൽനിന്ന് സഭ ജനിച്ചു. ആദത്തെ മിശിഹായുടെ പ്രതിരൂപമായും, ആദത്തിന്റെ ഉറക്കത്തെ മിശിഹായുടെ മരണമായും ഇവിടെ വിവക്ഷിക്കുന്നു.

## സഭയിലൂടെ പുതുജീവൻ

സഭയെ ആത്മീയഗോപുരമായും (ഹെർമാസിന്റെ ഇടയൻ), ലോകത്തിൽ നട്ടുപിടിപ്പിക്കപ്പെട്ട പറുദീസാ (ഇരണേവൂസ്) ആയും പിതാക്കന്മാർ അവതരിപ്പിക്കുന്നു. സഭയാകുന്ന തോട്ടത്തിലെ വൃക്ഷങ്ങളാണ് പഴയനിയമ, പുതിയനിയമ ലിഖിതങ്ങൾ. അവയുടെ ഫലങ്ങൾകൊണ്ട് സഭ നമ്മെ പോഷിപ്പിക്കുന്നു. വിശ്വാസത്തിന്റെ കലവറയാണിത്. അതിലെ വെളിപാടുസത്യങ്ങളുടെ സംരക്ഷണ ചുമതലയും, ആധികാരികമായി പഠിപ്പിക്കാനുള്ള അവകാശവും സഭയ്ക്കാണ്.

## സഭ രക്ഷയുടെ ഉപകരണം

ദൈവംതന്നെ ലോകത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന മനുഷ്യ രക്ഷയുടെ ഉപകരണമാണ് സഭ; അതായത്, രക്ഷയുടെ കൂദാശ. ദൈവവുമായുള്ള ഐക്യത്തിലൂടെയും തൽഫലമായി മനുഷ്യർ തമ്മിൽത്തമ്മിലുള്ള ഐക്യത്തിലൂടെയുമാണ് രക്ഷ സാധിക്കുന്നത്. ശിരസ്സായ മിശിഹായോട് ഒട്ടിച്ചേർന്നിരിക്കുന്ന, ഏകശരീരത്തിലെ അവയവങ്ങൾപോലെ പരസ്പരം യോജിപ്പിക്കപ്പെട്ടിരിക്കുന്ന വിശുദ്ധമായ ഒരു സ്നേഹക്കൂട്ടായ്മയാണ് തിരുസ്സഭ.

*(വേദപ്രചാര മദ്ധ്യസ്ഥൻ 2020 ആഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിച്ച ഇടയലേഖനത്തിൽ നിന്നും സമാഹരിച്ചത്)*

## മാർ സ്ലീവായുടെ പുകഴ്ച

**ഈശോയുടെ തിരുക്കുരിശു കണ്ടെത്തിയതിനോടനുബന്ധിച്ച് ഓർസ്ലേമിൽ അഞ്ചാം നൂറ്റാണ്ടിൽ ആരംഭിച്ച ഈ തിരുനാൾ ഏലിയാ–സ്ലീവാ മൂശെക്കാലങ്ങളുടെ കേന്ദ്ര ബിന്ദുവാണ്. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ അമ്മ ഹെലേനാ രാജ്ഞി എ.ഡി. 320 സെപ്റ്റംബർ 13 ന് വിശുദ്ധ കുരിശു കണ്ടെത്തി എന്ന പാരമ്പര്യത്തിൽ നിന്ന് പൗരസ്ത്യസുറിയാനി സഭ ഈ ദിവസത്തെ സെപ്റ്റംബർ 13 ന് 'സ്ലീവാ കണ്ടെത്തിയ തിരുനാൾ' എന്ന പേരിൽ ആചരിച്ചിരുന്നു. അസീറിയൻ സഭ ഇന്നും ഈ തീയതിയും പേരും തുടർന്നു പോരുന്നു. എന്നാൽ ഉദയംപേരൂർ സൂനഹദോസ് നിശ്ചയപ്രകാരം നമ്മുടെ സഭയിൽ ഈ തിരുനാൾ ഗ്രീക്ക് – ലത്തീൻ സഭകളിലെപ്പോലെ സെപ്റ്റംബർ 14 ന് സ്ലീവായുടെ പുകഴ്ച എന്ന പേരിലാക്കുകയുണ്ടായി. സെപ്റ്റംബർ 13 ന് കണ്ടെത്തിയ സ്ലീവാ തൊട്ടടുത്ത ദിവസം പരസ്യമായി പ്രതിഷ്ഠിച്ചതിൽ നിന്നാണ് ഈ മാറ്റം. കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിനു മുമ്പായി രക്ഷയുടെ അടയാളമായ സ്ലീവാ ആകാശത്തിൽ പ്രത്യക്ഷപ്പെടുമെന്ന പ്രത്യാശയിൽ രക്ഷയുടെയും വിജയത്തിന്റെയും കൊടിയടയാളമായ സ്ലീവായുടെ തിരുനാൾ നാം ആചരിക്കുന്നു.**



# തളരരുതേ... മനസ്സിനെ ഒരുക്കാം

**മാർ തോമസ് തറയിൽ**

**മാർ തോമസ് തറയിൽ**

> ഒരു **മഴയും** തോരാതിരുന്നിട്ടില്ല;
> ഒരു **കാറ്റും** അടങ്ങാതിരുന്നിട്ടില്ല.

**കൊറോണക്കാലം** നമുക്ക് നൽകുന്ന വെല്ലുവിളികൾ വ്യത്യസ്തങ്ങളാണ്. ഓരോ വെല്ലുവിളിയും നമ്മെ വളർച്ചയിലേക്ക്, പുതിയ ചുവടുകളിലേക്ക് നയിക്കുന്നു. അങ്ങനെ നോക്കുമ്പോൾ ഈ പ്രതിസന്ധിയും നമ്മെ ഏറെ വളർത്തും. പ്രതിസന്ധികളാണ് പുതിയ വെല്ലുവിളികൾ നല്കുന്നത്. വെല്ലുവിളികളെ നേരിടാനായി നമ്മുടെ സർവ്വശക്തികളേയും ഉപയോഗിക്കണം.

ഈ കൊറോണക്കാലത്ത് നമ്മെയെല്ലാം സങ്കടപ്പെടുത്തുന്ന ഒരു കാര്യം ഒത്തിരിപേർ സ്വയം ജീവൻ അവസാനിപ്പിച്ചുവെന്നുള്ളതാണ്. ആത്മഹത്യ ചെയ്ത പല ചെറുപ്പക്കാരേയുംകുറിച്ച് കേട്ടു. മാനസികമായി തളർന്നുപോകുന്ന ഈ കാലഘട്ടത്തിൽ അതിനെ പ്രതിരോധിച്ച് പ്രത്യാശയോടെ ജീവിക്കാം.

ഭൗതികമായ സാഹചര്യങ്ങളല്ല നമ്മുടെ മാനസികാരോഗ്യത്തിന്റെ അടിസ്ഥാനം. നമ്മുടെ ഉള്ളിൽ നിന്നു തന്നെ വരേണ്ട പ്രത്യേക ശക്തിയാണ്. അവിടെയാണ് നമ്മുടെ വിശ്വാസത്തിന്റെ ശക്തി ലഭിക്കുന്നത്. അതിനായി നമ്മെ സഹായിക്കുന്നത് ജീവിതത്തിന്റെ നല്ല ദിനങ്ങൾ നേരിടുക എന്നതിനെക്കാൾ ജീവിതത്തിലെ നഷ്ടങ്ങളും അതുപോലെ ബുദ്ധിമുട്ടുകളും ദുരിതങ്ങളുമൊക്കെ നേരിടാനായിട്ടാണ്.

വിശ്വാസജീവിതത്തിൽ അടിയുറയ്ക്കുന്നവർക്ക്, ധ്യാനാത്മകമായി ജീവിക്കുന്നവർക്ക്, ഏത് പ്രതിസന്ധിയിലും ജീവിക്കാൻ സാധിക്കും. മാനസികാരോഗ്യത്തെ വളർത്തുന്ന ചില ഘടകങ്ങളുണ്ട്. അവ,

1. നല്ല ബന്ധങ്ങളുണ്ടാവണം. നല്ല ബന്ധങ്ങളാണ് നമ്മെ ഏതു ഒറ്റപ്പെടലിലും താങ്ങിനിർത്തുന്നത്. സംസാരിക്കാൻ സ്വാതന്ത്ര്യമുള്ള നല്ല ബന്ധങ്ങൾ ഉണ്ടാകണം. മാതാപിതാക്കളോട്, മക്കളോട്, ജീവിതപങ്കാളിയോട്, സുഹൃത്തുക്കളോട്, വൈദികരോട്, സന്യ



**ബുദ്ധിമുട്ടുകൾ പലരും പറയുമ്പോൾ അതിന്റെ ഉള്ളിലൊളിഞ്ഞുകിടക്കുന്ന പ്രകാശത്തിന്റെ അംശത്തെ കാണുന്ന ഒരു ഭാവം നമുക്കുണ്ടായിരിക്കണം.**

സ്തരോട് രൂപികരിക്കാൻ പറ്റുന്ന നല്ല ബന്ധം വളർത്തിയെടുക്കാൻ സാധിക്കണം.

2. ധ്യാനം പരിശീലിക്കാൻ സാധിക്കണം. ദൈവത്തെ ധ്യാനിച്ചു ജീവിക്കുന്ന ഒരു അനുഭവം ഉണ്ടായിരിക്കണം. ഓരോ ദിവസവും കുറച്ചുസമയം ശരീരത്തേയും മനസ്സിനേയും ശാന്തമാക്കികൊണ്ട് ധ്യാനിക്കാനായി സാധിക്കണം.

3. പോസിറ്റീവ് ചിന്തകൾ പരിശീലിക്കണം. ഏതു ജീർണതകളിൽ നിന്നും ജീവനുണ്ടാക്കാൻ സാധിക്കുന്നതാണ് ദൈവമെന്നു മനസ്സിലാക്കി പോസിറ്റീവായി ചിന്തിക്കാൻ സാധിക്കണം. ബുദ്ധിമുട്ടുകൾ പലരും പറയുമ്പോൾ അതിന്റെ ഉള്ളിലൊളിഞ്ഞുകിടക്കുന്ന പ്രകാശത്തിന്റെ അംശത്തെ കാണുന്ന ഒരു ഭാവം നമുക്കുണ്ടായിരിക്കണം. കുടുംബങ്ങളിൽ പരസ്പരം പ്രോത്സാഹിപ്പിക്കുന്ന, നന്മ കാണുന്ന കൊച്ചു കൊച്ചു നന്മകളിൽ സന്തോഷിക്കുന്ന, ആത്മാഭിമാനമുള്ള സംസാരരീതികളുണ്ടാവണം. അതുപോലെതന്നെ ശാരീരികമായ വ്യായാമവും പ്രധാനപ്പെട്ടതാണ്. ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം ശ്രദ്ധിക്കുമ്പോൾ നമ്മുടെ ഉള്ള് കുറച്ചുകൂടി കരുത്തുറ്റതാകുകയും പുറമെയുള്ള സാഹചര്യങ്ങൾ എത്ര നിരാശജനകമാണെങ്കിലും അവയെല്ലാം തരണം ചെയ്യാൻ സാധിക്കുകയും ചെയ്യും.

കൊറോണകാലം ഭൗതികവും ആത്മീയവുമായ വെല്ലുവിളികൾ മാത്രമല്ല, മാനസികമായ വെല്ലുവിളികളും നൽകുന്നുണ്ട്. പക്ഷേ അതിനെയെല്ലാം തരണം ചെയ്ത് കരുത്തുറ്റ വ്യക്തികളായി മാറാൻ സാധിക്കും. ഒരു മഴയും തോരാതിരുന്നിട്ടില്ല; ഒരു കാറ്റും അടങ്ങാതിരുന്നിട്ടില്ല. ■



## ഏലീയാ -സ്ലീവാ മൂശെക്കാലം

**സ്ലീവായുടെ വിജയവും മിശിഹായുടെ രണ്ടാമത്തെ ആഗമനവും ധ്യാനവിഷയമാക്കിക്കൊണ്ട് സ്വർഗ്ഗത്തെ ലക്ഷ്യമാക്കി നീങ്ങാൻ സഭാമക്കളെ ഒരുക്കുന്ന കാലഘട്ടം. പറുദീസയിലെ ജീവന്റെ വൃക്ഷം, മൂശെയുടെ വടി, മൂശെ മരുഭൂമിയിലുയർത്തിയ പിത്തളസർപ്പം എന്നിവ സ്ലീവായുടെ പ്രതിരൂപങ്ങളാണ്. സ്ലീവായുടെ ശക്തിയാൽ പ്രലോഭനങ്ങളെ ജയിച്ച് സത്യമാർഗ്ഗത്തിൽ ജീവിച്ച് ലോകാവസാനത്തിൽ കർത്താവിനെ ആനന്ദത്തോടെ എതിരേൽക്കാൻ ഒരുങ്ങുന്ന കാലഘട്ടം.**

**ലോകാവസാനത്തെക്കുറിച്ചുള്ള ചിന്തകൾ നമ്മെ ഭയപ്പെടുത്തുവാനോ തളർത്തുവാനോ പാടില്ല; മറിച്ച് ധൈര്യവും പ്രത്യാശയുമാണ് പകരേണ്ടത്. ജീവിതലക്ഷ്യവും നിത്യസമ്മാനവും നേടുന്ന സുദിനത്തെ ഓർത്ത് നമുക്ക് സന്തോഷിക്കാൻ സാധിക്കണം.**





# വികാരിയച്ചന്റെ കത്ത്

പ്രിയ സഹോദരീ സഹോദരന്മാരേ,

കഴിഞ്ഞ ജൂലൈ 23 ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി വികാരിയായി അഭി. പിതാവ് എന്നെ നിയോഗിച്ചിരിക്കുകയാണ്. വിശ്വാസപൈതൃകം കൈമുതലായ ഒരു പുരാതന ക്രൈസ്തവ സമൂഹത്തിന്റെ തുടർച്ചയാണല്ലോ നമ്മുടെ ഇടവക. ഇവിടെ കബറടങ്ങിയിരിക്കുന്ന പുണ്യശ്ലോകരായ അഭിവന്ദ്യ പിതാക്കന്മാരെയും, വിശ്യാസചൈതന്യം പകർന്നുനൽകി നമ്മിൽനിന്ന് വേർപെട്ടു പോയ ബഹു. വൈദികരെയും ഇടവകാംഗങ്ങളായ സഹോദരീസഹോദരന്മാരെയും ഞാൻ ആദ്യമായി അനുസ്മരിക്കുന്നു.

കഴിഞ്ഞ അഞ്ചു വർഷങ്ങളായി നമ്മുടെ ഇടവകയെ ആത്മീയവും ഭൗതികവുമായ പുരോഗതിയിലേക്കു നയിച്ച പെരി. ബഹു. കുര്യൻ പുത്തൻപുര അച്ചനെ കൃതജ്ഞതയോടെ ഓർക്കുന്നു.

ആദിമക്രൈസ്തവസമൂഹത്തെപ്പോലെ ശ്ലൈഹികപ്രബോധനത്തിലും കൂട്ടായ്മയിലും പരി.കുർബാനയിലും പ്രാർത്ഥനയിലും കൂട്ടായ്മയിലും ഒരു സ്നേഹകുടുംബമായി നമ്മുടെ ഇടവകയെ വളർത്തിയെടുക്കാൻ നമുക്കൊത്തൊരുമിച്ചു പ്രവർത്തിക്കാം.



പ്രിയമുള്ളവരേ, കോവിഡ് 19 പ്രതിസന്ധിയുടെ ഇന്നത്തെ പശ്ചാത്തലത്തിൽ അജപാലനപ്രവർത്തനങ്ങൾക്കും ഏറെ പരിമിതികളുള്ളത് നിങ്ങൾ മനസ്സിലാക്കുമല്ലോ. എങ്കിലും പരി. കുർബാനയർപ്പണത്തിലും കൗദാശികജീവിതത്തിലും പ്രാർത്ഥനയിലും അധിഷ്ഠിതമായ ജീവിതം നയിക്കുവാൻ നമുക്ക് കടമയുണ്ട്. അങ്ങനെ ദിനംപ്രതി പ്രാർത്ഥനയിലും പരസ്നേഹപ്രവർത്തനങ്ങളിലും ഈശോയെ കണ്ടുമുട്ടി ക്രിസ്തീയജീവിതം നവീകരണം പ്രാപിക്കുവാൻ നമുക്ക് പരിശ്രമിക്കാം.



ഈ പരിമിതിക്കുള്ളിലും അനുവദനീയമായ പ്രായപരിധിയിലുള്ള എല്ലാവരും ഞായറാഴ്ചയിലും ഇടദിവസങ്ങളിലും ഉള്ള പരി. കുർബാനയിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. കുട്ടികളെയും യുവാക്കളെയും പള്ളിയിൽ പറഞ്ഞുവിടുവാൻ മാതാപിതാക്കന്മാർ ശ്രദ്ധിക്കുമല്ലോ. ആഴ്ചയിലൊരിക്കലെങ്കിലും ഏതെങ്കിലുമൊരു കുർബാനയിൽ പങ്കെടുക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. അതോടൊപ്പം നമ്മുടെ ഭവനംതന്നെ ഒരു ദേവാലയമാക്കി, വ്യക്തിപരമായ പ്രാർത്ഥനയിലും ബൈബിൾ വായനയിലും, പ്രത്യേകിച്ച് കുടുംബപ്രാർഥനയിലും നമുക്ക് ഉത്സുകരാകാം.

കുടുംബക്കൂട്ടായ്മകൾക്കു നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ കൂട്ടായ്മയുടെ നിയോഗത്തിൽ റംശായും വേദപുസ്തകവായനയും നടത്താൻ ശ്രദ്ധിക്കുക.

ഞായറാഴ്ച ആചരണത്തിന്റെ ഭാഗമായിത്തന്നെ കുട്ടികൾ ഓൺലൈൻ സൺഡേ ക്ലാസ്സുകളിൽ പങ്കെടുക്കാൻ മാതാപിതാക്കന്മാർ പ്രോത്സാഹിപ്പിക്കുമല്ലോ.

മറ്റൊരു പ്രധാനപ്പെട്ട കാര്യം ന്യൂനപക്ഷം എന്ന നിലയിൽ നമ്മുടെ സമുദായത്തിലെ അംഗങ്ങൾക്ക് ലഭിക്കേണ്ട അനുകൂല്യങ്ങൾ വാങ്ങിച്ചെടുക്കാൻ എല്ലാവരും ശ്രമിക്കണം എന്നുള്ളതാണ്. പ്രത്യേകിച്ച്, മുന്നാക്കക്കാരിലെ പിന്നാക്ക വിഭാഗങ്ങളിൽ പെട്ടവർക്ക് വേണ്ടിയുള്ള ഇ.ഡബ്ലിയു.എസ്. (EWS) സർട്ടിഫിക്കറ്റ് വാങ്ങുവാൻ വിദ്യാർഥികൾ എല്ലാവരും ശ്രദ്ധിക്കണം.

കൂടാതെ, പരിശുദ്ധ കന്യാമറിയത്തെ ജനനതിരുനാളിനൊരുക്കമായ എട്ടുനോമ്പ് ആചരിച്ചും സെപ്റ്റംബർ 14 ന് സ്ലീവായുടെ പുകഴ്ച ആഘോഷിച്ചും കോവിഡ് 19 രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും വേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യാം.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോസ് കൊച്ചുപറമ്പിൽ**
വികാരി



**കരിയർ ഗൈഡൻസ് വിവിധ ന്യൂനപക്ഷ ക്ഷേമപദ്ധതികൾ, സ്കോളർഷിപ്പുകൾ തുടങ്ങിയവയെപ്പറ്റി വിവരങ്ങൾ ലഭ്യമാക്കാൻ ഇടവകതലത്തിൽ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തനക്ഷമമാക്കുന്നതാണ്.**



# മർത്ത് മറിയത്തിന്റെ ജനനത്തിരുനാൾ

റവ. ഡോ. ജേക്കബ് കിഴക്കേവീട്



**ശ്ലൈഹിക പാരമ്പര്യമുള്ള** എല്ലാ സഭകളും സാഘോഷം കൊണ്ടാടുന്ന തിരുനാളാണ് പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ (Nativity of Mary). മാതാവിന്റെ ജനനത്തെക്കുറിച്ചുള്ള വിവരണം ആദ്യമായി എഴുതപ്പെട്ടത്, രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ വിരചിതമായ 'യാക്കോബിന്റെ സുവിശേഷം' *(Protoevangelium of James)* എന്ന അപ്രമാണിക ഗ്രന്ഥത്തിലാണ്. ഈ ഗ്രന്ഥത്തിലാണു പരി. അമ്മയുടെ മാതാപിതാക്കൾ ജോവാക്കിം-അന്ന എന്നിവരാണ് എന്നു പറയുന്നത്.

എന്നാൽ സെപ്റ്റംബർ 8-ാം തീയതിയിലെ പൗരസ്ത്യ സുറിയാനി യാമപ്രാർത്ഥനയിലെ ഗീതങ്ങളിൽ, മാതാവിന്റെ ജനനത്തെക്കുറിച്ച് വർണ്ണിച്ചിരിക്കുന്നത് മുകളിൽപ്പറഞ്ഞ ഗ്രന്ഥത്തിലെ വിവരണത്തിൽ നിന്നും അല്പം വ്യത്യസ്തമായിട്ടാണ്. മിശിഹായുടെ അമ്മയായ മർത്ത് മറിയത്തിന്റെ ചരിത്രം എന്നു പറയുന്ന ഒരു പൗരസ്ത്യസുറിയാനി ഗ്രന്ഥത്തെ അടിസ്ഥാനമാക്കി ഈ ഗീതങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നതിനാലാണ് ഈ വ്യത്യാസം ഉണ്ടായിരിക്കുന്നത്. (4-5 നൂറ്റാണ്ടുകളിൽ പ്രചാരത്തിലുണ്ടായിരുന്ന 'യാക്കോബിന്റെ സുവിശേഷം', 'തോമായുടെ സുവിശേഷം', 'സ്യൂഡോ-മത്തായിയുടെ സുവിശേഷം', 'മറിയത്തിന്റെ ജനനത്തെക്കുറിച്ചുള്ള സുവിശേഷം', 'മറിയത്തിന്റെ ശൂനായവിവരണങ്ങൾ' എന്നീ അപ്രമാണികഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ ഗ്രന്ഥം എഴുതപ്പെട്ടിരിക്കുന്നത്). ഈ തിരുനാൾ ദിവസത്തെ പൗരസ്ത്യ സുറിയാനി യാമപ്രാർത്ഥനകളിൽ മാതാവിന്റെ ജനനത്തെക്കുറിച്ച് വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണ്:

''ദാവീദ് വംശജരായ യോവാക്കീം, ദീനാ എന്നീ ദമ്പതികൾക്ക് പ്രായമായിട്ടും സന്താനങ്ങളില്ലാതിരുന്നതിനാൽ അവർ വളരെയധികം ദുഃഖിതരും നിരാശരുമായിരുന്നു. ദീർഘകാലത്തെ പ്രാർത്ഥനകൾക്കൊടുവിൽ ഒരു ദൈവദൂതൻ ദീനായ്ക്കു പ്രത്യക്ഷപ്പെടുകയും, അവൾക്ക് ഒരു സന്താനം ജനിക്കുമെന്നു വാർത്ത നല്കുകയും ചെയ്തു. അന്നേ ദിവസം ആ ദൈവദൂതൻ ദീനായുടെ പേര് ഹന്നാ എന്നായിരിക്കുമെന്ന് അറിയിച്ചു. ഹന്നാ എന്ന വാക്കിന് അർത്ഥം 'ദൈവം കനിഞ്ഞു' എന്നാണ്. ദൈവത്തിന്റെ കനിവിനാൽ ജനിച്ച പെൺകുഞ്ഞിന് അവർ മറിയം എന്നു പേരു നൽകി. യോവാക്കിമും ഹന്നായും അവളെ ദൈവത്തിനു സമർപ്പിച്ചു.'' അഞ്ച്-ആറ് നൂറ്റാണ്ടുകളോടെ പൗരസ്ത്യ സഭകളിലും

ഏഴാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടെ പാശ്ചാത്യ സഭകളിലും ഈ തിരുനാൾ ആഘോഷിച്ചു തുടങ്ങി. പൗരസ്ത്യസുറിയാനി സഭ യിൽ ഇത് എട്ടാം നൂറ്റാണ്ടിലായിരിക്കാം ആചരിക്കുവാൻ തുടങ്ങിയത്. കാരണം ഈശോയാബ് മൂന്നാമന്റെ കാലം വരെ, അതായത് ഏഴാം നൂറ്റാണ്ടു വരെ, പൗരസ്ത്യസുറിയാനി സഭ ഒരു മരിയൻ തിരുനാൾ മാ ത്രമേ ആഘോഷിച്ചിരുന്നുള്ളു; അത് ക്രിസ്തുമസിനുശേഷം വരുന്ന 'മാർത്ത് മറിയത്തിന്റെ അനുമോദനത്തിരുനാൾ' ആയിരുന്നു.

## എന്തുകൊണ്ട് സെപ്റ്റംബർ 8?

യോവാക്കിമിന്റെയും ഹന്നായുടെയും ഭവനം, അതായത് മാതാവ് ജനിച്ച ഭവനം ബത്സെയ്ദാ കുളത്തിനരികെയായിരുന്നു എന്നു പാര മ്പര്യം പറയുന്നുണ്ട്. ഈ വീടിരുന്ന സ്ഥാനത്ത് അഞ്ചാം നൂറ്റാണ്ടിൽ മാതാവിന്റെ നാമത്തിലുള്ള ഒരു ദൈവാലയം നിർമ്മിക്കപ്പെട്ടു. അതിന്റെ പ്രതിഷ്ഠാദിനം സെപ്റ്റംബർ 8 നായിരുന്നു. ഇതായിരിക്കും ഈ ദിവ സം മറിയത്തിന്റെ ജനനത്തിരുനാൾ ആചരിക്കുവാനുള്ള കാരണം.

## മാർത്തോമ്മാ നസ്രാണികളും എട്ടുനോമ്പും

കേരളത്തിലെ മാർത്തോമ്മാ നസ്രാണികൾ ഈ തിരുനാൾ ഒമ്പതാം നൂറ്റാണ്ടുമുതൽ ആചരിച്ചിരുന്നു എന്നതിനു സൂചനകൾ ഉണ്ട്. അതിനു കാരണം, ഈ തിരുനാളിനോടനുബന്ധിച്ചുള്ള നോമ്പാണ്. ഒമ്പതാം നൂറ്റാണ്ടിൽ മുഹമ്മദീയർ കൊടുങ്ങല്ലൂർ പട്ടണം പിടിച്ചടക്കുകയും നശി പ്പിക്കുകയും ചെയ്തപ്പോൾ, ആ ദിവസങ്ങളിൽ ക്രൈസ്തവ വനിതകൾ ചാരിത്രസംരക്ഷണാർത്ഥം നേർന്ന ഒന്നാണ് എട്ടുനോമ്പ് എന്നതാണ് ഒരു പാരമ്പര്യം. ഇതേ കാലഘട്ടത്തിൽ സിറിയയിൽ മുഹമ്മദീയ അധി നിവേശ കാലത്ത് ചാരിത്ര്യശുദ്ധിക്കായി അവിടുത്തെ സ്ത്രീകൾ അനു ഷ്ഠിച്ച നോമ്പാണ് ഇതെന്നും പാരമ്പര്യമുണ്ട്. അതുകൊണ്ടാണ് കന്യ കകളുടെ നോമ്പ്, സ്ത്രീകളുടെ നോമ്പ് എന്ന് ഇത് അറിയപ്പെടുന്നത്. പിന്നീട് അത് എല്ലാ വർഷവും തുടർന്നുപോന്നു. ഈ എട്ടു ദിവസങ്ങൾ സ്ത്രീകൾ ദൈവാലയങ്ങളിൽ ഒത്തുകൂടി ഭജനയിരുന്ന് പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നു. ഇന്നും കേരളത്തിലെ കത്തോലിക്കരും സിറിയൻ ഓർത്തഡോക്സ് സഭക്കാരും ഈ നോമ്പ് നിഷ്ഠയോടെ പാലിക്കു ന്നു എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഈ വർഷം കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഏറ്റവും നിഷ്ഠയോട് ഈ നോമ്പ് പാലിക്കണമെന്ന് നമ്മുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നത് ഏറെ ശ്രദ്ധേയമാണ്. മാതാവിനെ ആദി മനൂറ്റാണ്ടുകളിൽ രോഗങ്ങളിൽ നിന്നുള്ള സംരക്ഷകയായി കണ്ടിരുന്നു. മാതാവിന്റെ മാദ്ധ്യസ്ഥ്യത്താൽ അനേകർ രോഗങ്ങളിൽ നിന്നു വിമു ക്തരായിരുന്നു എന്ന കാര്യം മരിയൻ അപ്പോക്രിഫൽ ഗ്രന്ഥങ്ങളിൽ വ്യക്തമായി സൂചിപ്പിക്കുന്നതാണ്. അതിനാൽ ഈ എട്ടുനോമ്പുകാലം പിതാവിന്റെ ആഹ്വാനപ്രകാരം ഏറ്റവും നിഷ്ഠയോടെ ആചരിക്കുവാനും ഒരുക്കത്തോടെ മാതാവിന്റെ ജനനത്തിരുനാൾ ആഘോഷിക്കുവാനും നമുക്കു ശ്രമിക്കാം.




# EWS അറിയേണ്ടതെല്ലാം

പ്ലസ്‌വൺ, നേഴ്സിംഗ്, ഡിഗ്രി, പിജി കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേരളസർക്കാർ10% സാമ്പത്തിക സംവരണം അഥവാ EWS റിസർവേഷൻ ബാധകമാക്കിയിരിക്കുന്നു. യാതൊരു സംവരണവിഭാഗത്തിലും ഉൾപ്പെടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കാണ് ഇതുവഴി സർക്കാർസ്ഥാപനങ്ങളിലും മറ്റും അഡ്മിഷൻ ലഭിക്കുന്നത്. SC, ST, OEC വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതുപോലെ തന്നെ അഡ്മിഷനിൽ 10% സംവരണം ലഭിക്കുന്നു. അഥവാ ആകെ സീറ്റിൽ 10% സർക്കാർ സ്ഥാപനങ്ങളിലും മറ്റു ചില മാനേജ്മെന്റ് സ്ഥാപനങ്ങളിലും ഇവർക്കായി മാറ്റിവെച്ചിരിക്കുന്നു.

## മാനദണ്ഡങ്ങൾ

1. ഒരു കുടുംബത്തിന്റെ, അതായത് അപേക്ഷിക്കുന്ന വിദ്യാർത്ഥി, അച്ഛൻ, അമ്മ, വിവാഹം കഴിച്ചിട്ടുണ്ടെങ്കിൽ ജീവിതപങ്കാളി ഇവർക്കെല്ലാംകൂടി ആകെ വാർഷികവരുമാനം 4 ലക്ഷം രൂപയിൽ കുറവേ പാടുള്ളൂ.
2. ഭൂപരിധി എല്ലാവർക്കുംകൂടി പഞ്ചായത്തിലാണെങ്കിൽ രണ്ടര ഏക്കർ, മുനിസിപ്പാലിറ്റിയിലാണെങ്കിൽ 75 സെന്റ് കോർപറേഷനുകളിലാണെങ്കിൽ 50 സെന്റ് എന്നീ ഭൂപരിധിയിൽ താഴെ മാത്രമേ പാടുള്ളൂ. മറ്റു കുടുംബാംഗങ്ങളുടേയോ ബന്ധുക്കളുടേയോ സ്വത്തോ വരുമാനമോ ഇവിടെ ബാധകമല്ല.
3. വീടിന്റെ വിസ്തീർണ്ണം എത്ര ആയാലും കേരളസർക്കാരിന്റെ ആവശ്യങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ ഒരു പ്രശ്നവുമില്ല. എന്നാൽ വീടിരിക്കുന്ന സ്ഥലം മുനിസിപ്പാലിറ്റിയിലാണെങ്കിൽ 20 സെന്റ്, കോർപറേഷനുകളിലാണെങ്കിൽ 15 സെന്റ് എന്നീ നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. പഞ്ചായത്തുകളിൽ ഇപ്രകാരമുള്ള നിബന്ധനകളില്ല.
4. സർട്ടിഫിക്കറ്റ് സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിലാണ് ലഭിക്കുന്നത്. അതായത് 2020 ആഗസ്റ്റിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്ന

ഒരു വ്യക്തി 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ താൻ മുകളിൽ പറഞ്ഞിരിക്കുന്ന സാമ്പത്തിക പരിധിയിലാണ് നിൽക്കുന്നത് എന്നു വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ആണ് വാങ്ങേണ്ടത്. ഇതിന്റെ കാലാവധി 2021 മാർച്ച് 31 ന് അവസാനിക്കും. പിന്നീട് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ സർട്ടിഫിക്കറ്റ് പുതുക്കി വാങ്ങേണ്ടിവരും. ചേർന്ന കോഴ്സിന് പിന്നീട് സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല.

5. കേരള സർക്കാർ ആവശ്യങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസറിന്റെ പക്കൽ നിന്നുമാണ് വാങ്ങേണ്ടത്. അതിനായി നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷയോടൊപ്പം റേഷൻകാർഡ്, സമുദായം തെളിയിക്കുന്ന രേഖാ അതായത് (SSLC Book, TC, Birth Certificate എന്നിവയിൽ ഏതെങ്കിലുമൊന്ന്) ആധാർകാർഡ്, കരം അടച്ച രസീത് എന്നിവയുടെ കോപ്പികൂടി സമർപ്പിക്കുക.

സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനാവശ്യമായ അപേക്ഷാ ഫോം, സംശയങ്ങൾ പരിഹരിക്കൽ തുടങ്ങിയ സാങ്കേതികസഹായങ്ങൾക്ക് ചങ്ങനാശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കാർപ്പ് (CARP) ഹെൽപ് ഡെസ്കുമായി പ്രവൃത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 1 മണി വരെ ബന്ധപ്പെടാവുന്നതാണ്.

# സംഘടനാ റിപ്പോർട്ടുകൾ

## 1. സൺഡേസ്കൂൾ

വിശ്വാസജീവിതവും പരിശീലനവും ജീവിതാവസാനംവരെ തുടരേണ്ട ഒന്നാണെന്ന് നമുക്കറിയാമല്ലോ. കുട്ടികളുടെ വിശ്വാസജീവിതപരിശീലനം ഇക്കാലഘട്ടത്തിൽ ഏറെ വെല്ലുവിളികൾ നേരിടുകയാണ്. വിശ്വാസം ആഴത്തിൽ വേരുപാകേണ്ട പ്രായത്തിൽ അവരെ ദൈവത്തിലേക്ക് അടുപ്പിക്കേണ്ടത് മാതാപിതാക്കളുടെയും മതാദ്ധ്യാപകർ ഉൾപ്പെടെയുള്ള മുതിർന്നവരുടെയും കടമയാണ്. ഞായറാഴ്ചകളിൽ ദൈവാലയത്തിൽ ഒന്നിച്ചുകൂടുവാനോ വേദപാഠ ക്ലാസുകൾ, മറ്റു പരിശീലനപരിപാടികൾ ഒന്നുംതന്നെ നടത്തുവാനോ സാധിക്കാത്ത സാഹചര്യത്തിൽ ഓൺലൈൻ സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്നതാണ് കരണീയമായിട്ടുള്ളത്. കുട്ടികളും മതാദ്ധ്യാപകരും മാതാപിതാക്കന്മാരും ഒരുപോലെ ഞായറാഴ്ചകളിലെ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സൺഡേസ്കൂൾ ക്ലാസുകളുടെ ലിങ്ക് നാം ഓരോ ക്ലാസിലെയും വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലും ലഭ്യമാക്കുന്നുണ്ട്. എല്ലാവരും അതിനോടു സഹകരിച്ച് കുട്ടികളുടെ വിശ്വാസപരിശീലനം ഉറപ്പുവരുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 2. യുവദീപ്തി-എസ്.എം.വൈ.എം

യുവദീപ്തി എസ്.എം.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ അതിരൂപതയോട് സഹകരിച്ച് പ്രവർത്തനങ്ങൾ നടത്തിപ്പോരുന്നു. പ്രളയത്തിന്റെ

തീവ്രത കൂടിയ സമയങ്ങളിൽ കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ചങ്ങനാശേരി ബോട്ട്ജെട്ടിയിൽ വരുന്നവരെ സഹായിക്കാൻ ഒരു ഹെൽപ് ഡസ്ക് തുടങ്ങുകയുണ്ടായി. അതിൽ നമ്മുടെ യുവജനങ്ങളുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. അതിരൂപതയിൽ നിന്ന് നൽകപ്പെടുന്ന പരിപാടികളോട് അനുബന്ധിച്ച് പേപ്പർബാഗ് നിർമ്മാണത്തിലും, 100 രൂപ ചലഞ്ചിലുമൊക്കെ പങ്കാളികളായി. ഇനിയുള്ള യുവജനപ്രവർത്തനങ്ങളിലും എല്ലാ യുവജനങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

### 3. മാതൃവേദി - പിതൃവേദി

കത്തീഡ്രൽ മാതൃ-പിതൃവേദി യൂണിറ്റംഗങ്ങളുടെ സജീവസാന്നിദ്ധ്യം ഇടവകയുടെ എല്ലാ പ്രവർത്തനങ്ങൾക്കും കരുത്തേകുന്നു. കോവിഡ് 19 മഹാമാരിയുടെ ഭാഗമായി വിഷമതകൾ അനുഭവിക്കുന്ന കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനായി ഒരുലക്ഷം രൂപ ഫണ്ടിൽ നിന്ന് വികാരിയച്ചനെ ഏല്പിച്ചു.

മെയ് 10-ാം തീയതി മാതൃദിനവും ജൂൺ 21-ാം തീയതി പിതൃദിനവും ആചരിച്ചു. ജൂൺ 28-ാം തീയതി ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ സെനക്കിൾ പ്രാർത്ഥന നടത്തി. 40 വർഷം പൂർത്തിയാക്കിയ മാതൃവേദി റൂബിജൂബിലിയോടനുബന്ധിച്ച് അംഗങ്ങളുടെ സഹകരണത്തോടെ ചെയ്യുന്ന കയ്യെഴുത്ത് മാസികയുടെ പ്രവർത്തനം നടന്നുവരുന്നു.

### യൂത്ത് ഇയർ മെമ്മോറിയൽ ലൈബ്രറി

നമ്മുടെ ഇടവകയിൽ പ്രവർത്തിച്ചുപോരുന്ന യൂത്ത് ഇയർ മെമ്മോറിയൽ ലൈബ്രറി കുറച്ചുനാളുകളായി പ്രവർത്തനസജ്ജമാക്കാനുദ്ദേശിക്കുന്നു. അയ്യായിരത്തിൽപ്പരം ഗ്രന്ഥങ്ങളുള്ള നമ്മുടെ ലൈബ്രറിയുടെ നവീകരണ പ്രവർത്തനങ്ങൾ നാം ആരംഭിച്ചുകഴിഞ്ഞു. നമ്മുടെ ഇടവകയെ സംബന്ധിച്ച് വലിയ ഒരു മുതൽക്കൂട്ടാണ് ഈ ഗ്രന്ഥാലയം. ലൈബ്രറി ഉപയോഗിച്ച് അറിവ് സമ്പാദിക്കാൻ എല്ലാവരെയും ക്ഷണിക്കുന്നു. ലൈബ്രേറിയൻ ആയി സന്നദ്ധസേവനം ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ബഹു. വികാരിയച്ചനുമായി ബന്ധപ്പെടേണ്ടതാണ്.

### എ.കെ.സി.സി.

**കാർഷികസംസ്കാരം വളർത്തണം - ശ്രീ. സാജൻ ഫ്രാൻസീസ്**

ഒരു പുതിയ കാർഷിക സംസ്കാരം രൂപപ്പെടുത്തണമെന്നും വളർന്നുവരുന്ന തലമുറയെ ഒരു കാർഷിക ആഭിമുഖ്യത്തിൽ വളർന്നു വരുവാൻ നാം ഊന്നൽ നല്കണമെന്നും നമുക്ക് ആവശ്യമായ വിഷരഹിതമായ പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തമാകണമെന്നും മുൻസിപ്പൽ ചെയർമാൻ സാജൻ ഫ്രാൻസീസ്. കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ കത്തീഡ്രൽ പള്ളി അങ്കണത്തിൽ നടന്ന കാർഷിക പ്രദർശനം ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കത്തീഡ്രൽ എകെസിസിയുടെ പദ്ധതിയായ വീട്ടുമുറ്റത്ത് ഒരുമുറം പച്ചക്കറിയുടെ ഉദ്ഘാടനം കത്തീഡ്രൽ വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ നിർവ്വഹിച്ചു. യോഗത്തിൽ പ്രസിഡന്റ് ടോമിച്ചൻ അയ്യരുകുളങ്ങര അദ്ധ്യക്ഷത വഹിച്ചു.

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

കത്തീഡ്രൽ സൊസൈറ്റിക്ക് 10 ദത്തുകുടുംബങ്ങളും 2 ദത്തു വിദ്യാർത്ഥികളും ചികിത്സാസഹായം കൊടുക്കുന്ന നിരവധി കുടുംബങ്ങളും ഉണ്ട്. സഹായ അംഗങ്ങളിൽ നിന്ന് പിരിവ് എടുത്ത് ആണ് ചിലവുകൾ നടത്തിക്കൊണ്ടിരുന്നത്. കോവിഡ് 19 എന്ന മഹാമാരി നമ്മുടെ നാട്ടിൽ ആരംഭിച്ചതു മുതൽ വീടുകളിൽ ചെന്ന് കളക്ഷൻ നടത്താൻ സാധിക്കാത്തതിനാൽ ദത്തുകുടുംബത്തിനും മറ്റുമുള്ള സഹായങ്ങൾ നൽകാൻ സൊസൈറ്റി വളരെയേറെ ബുദ്ധിമുട്ടുകയാണ്. ഈ അവസരത്തിൽ സൊസൈറ്റിയുടെ ഈ പ്രവർത്തനത്തിൽ സഹകരിക്കാൻ താല്പര്യമുള്ളവർ ദയവായി താഴെ കാണുന്ന സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് എത്ര ചെറിയ തുക ആണെങ്കിലും അയച്ചു തരണമെന്ന് അപേക്ഷിക്കുന്നു.

**Federal Bank Chry Branch Account No.10370100075006. IFSC: FDRL0001037**
The Society of St.Vincent De Paul, St.Marys Conference,Changanacherry

# ഇടവക വാർത്തകൾ

1. ജനപങ്കാളിത്തത്തോടെയുള്ള പരി. കുർബാന ആരംഭിച്ചിരിക്കുന്നു. ടോക്കൺ സംവിധാനം പരീക്ഷണാർത്ഥം നിർത്തിയിരിക്കുകയാണ്. സാധിക്കുന്നവരെല്ലാം പരി. കുർബാനയിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുക.

   **സമയക്രമം** ഞായർ - 6:00 am, 8:00 am, 10:00 am, 5:00 pm
   സാധാരണ ദിവസങ്ങൾ - 6:30 am, 5:00 pm
   കുമ്പസാരം - 4:30 മുതൽ (വെള്ളി, ശനി)

2. നമ്മുടെ ഇടവകമദ്ധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെ തിരുനാൾ ആഗസ്റ്റ് 13, 14, 15 തീയതികളിൽ ആഘോഷിക്കുകയുണ്ടായി. ആഗസ്റ്റ് 15 ന് നടത്തപ്പെട്ട നഗരംചുറ്റിയുള്ള പ്രാർത്ഥന പ്രദക്ഷിണം കൂടുതൽ അനുഗ്രഹപ്രദമായിരുന്നു.
3. നമ്മുടെ ഇടവകയിലെ വെള്ളപ്പൊക്കെ പ്രദേശങ്ങൾ ബഹു. അച്ചന്മാരുടെയും കൈക്കാരന്മാരുടെയും നേതൃത്വത്തിൽ സന്ദർശിച്ചു.
4. സെപ്റ്റംബർ 1 മുതൽ 8 വരെ എട്ടുനോമ്പിനോടനുബന്ധിച്ച് വൈകുന്നേരം 5 മണിക്ക് പരി. കുർബാനയും തുടർന്ന് എട്ടുനോമ്പിന്റെ പ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്.
5. സെപ്റ്റംബർ 14 സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ. മാർ സ്ലീവാ കണ്ടെത്തിയ 13-ാം തീയതി വൈകിട്ട് വീടുകളിൽ റംശാ പ്രാർത്ഥന ചൊല്ലി പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കുക. കുടുംബങ്ങളിൽ മാർത്തോമ്മാ സ്ലീവാ അലങ്കരിച്ചുവയ്ക്കാൻ ശ്രദ്ധിക്കുക.
6. സെപ്റ്റംബർ 20-ാം തീയതി ഏലിയാ-സ്ലീവാ-മൂശെക്കാലം ആരംഭിക്കുന്നു.

# ജലത്താലും ആത്മാവിനാലും

| | | |
|---|---|---|
| 1. | പുതുപ്പറമ്പ് ബിനു - മഞ്ജുഷ മകൻ ജോസഫ് | 12.06.2020 |
| 2. | ആറുപറയിൽ ജോസഫ് - എലിസബത്ത് മകൾ റോസ് | 14.06.2020 |
| 3. | കോലത്ത് സെബാസ്റ്റ്യൻ - എലിസബത്ത് മകൾ ക്ലാര | 21.06.2020 |
| 4. | ചേന്നാട്ടുശേരി ജേക്കബ് - നീതാ മകൻ മാത്യു | 04.07.2020 |
| 5. | പാലത്തിങ്കൽ റ്റോം - റെൻസി മകൾ എലിബസത്ത് | 06.07.2020 |
| 6. | കടേപ്പറമ്പിൽ ജോജി - മറിയമ്മ മകൾ ഏലിയാമ്മ | 12.07.2020 |
| 7. | കുട്ടമ്പേരൂർ സ്കറിയ - ജോൺസി മകൾ മരിയ | 18.07.2020 |
| 8. | പള്ളിക്കൽ തൈയ്യിൽ ഷാനിൽ - പ്രസീദ മകൾ അന്നാ | 10.08.2020 |
| 9. | ആശാരിപറമ്പ് മനു - മരിയ മകൻ വർഗീസ് | 13.08.2020 |
| 10. | ചിങ്ങംപറമ്പിൽ മനു - റ്റിസാ മകൾ റോസ് | 22.08.2020 |
| 11. | കൊല്ലാരം ആന്റണി - അന്നമ്മ മകൻ ജോസഫ് | 01.06.2020 |
| 12. | അഴിമുഖം ആന്റണി - ത്രേസ്യാമ്മ മകൻ തോമസ് | 21.06.2020 |
| 13. | പുത്തൂർ തോമസ് - അന്നമ്മ മകൻ ലാസർ | 27.06.2020 |
| 14. | കാഞ്ഞിക്കൽ പ്രായിക്കളം റ്റിനോ - അഞ്ചിത മകൾ മേരി | 26.07.2020 |
| 15. | പുത്തൻവീട് ജോസഫ് - എലിസബത്ത് മകൾ ഇവാന | 02.08.2020 |



# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക പാറക്കടവിൽ പി.സി. തോമസ് - സിന്ധ്യ മകൻ ജോസഫും കണ്ണാടി സെന്റ് ജോസഫ് പള്ളി ഇടവക മമ്പലം ജോജി - മോളി മകൾ മറിയവും തമ്മിലുള്ള വിവാഹം - 01.06.2020
2. ഈ ഇടവക കോയിപ്പള്ളി ജോർജ് - കുഞ്ഞമ്മ മകൻ ദേവസ്യയും ഈ ഇടവക മണക്കാടത്തുപറമ്പിൽ ജോസ് - ത്രേസ്യാമ്മ മകൾ മേരിയും തമ്മിലുള്ള വിവാഹം - 07.06.2020
3. ഈ ഇടവക പാലത്തിങ്കൽ ജോർജ് - റോസമ്മ മകൻ ജോസഫും ചെത്തിപ്പുഴ ഇടവക കടന്തോട് ജോസഫ് - ലിസി മകൾ മേരിയും തമ്മിലുള്ള വിവാഹം - 17.06.2020
4. ഈ ഇടവക മേനാച്ചേരി ജോസഫ് - സാലിമ്മ മകൻ ആന്റണിയും പുന്നപ്ര ഇടവക പൂന്ത്രശ്ശേരിൽ വിൻസെന്റ് - മേരി മകൾ അമലയും തമ്മിലുള്ള വിവാഹം - 22.06.2020

5. ഈ ഇടവക തോപ്പിൽ ചാക്കോ - മറിയമ്മ മകൻ ജോസഫും തോട്ടഭാഗം സെന്റ് മേരീസ് മലങ്കര പള്ളി ഇടവക കരത്താട്ടിൽ വർഗീസ് - കുഞ്ഞുമോൾ മകൾ ത്രേസ്യയും തമ്മിലുള്ള വിവാഹം - 02.07.2020

6. ഈ ഇടവക നെൽപ്പുരപറമ്പിൽ ജോസഫ് - മെറീന മകൻ ജോർജും മൂവാറ്റുപുഴ ഇടവക മറ്റത്തോട്ടത്തിൽ സണ്ണി - ജൂലി മകൾ മേരിയും തമ്മിലുള്ള വിവാഹം - 04.07.2020

7. ഈ ഇടവക കുരിശുംമൂട്ടിൽ തോമസ് - ആലീസ് മകൻ ബർണാർദ്ദും കുടിയാൻമല ഫാത്തിമാ മാതാപ്പള്ളി ഇടവക പുതുശ്ശേരി ഫിലിപ്പ് - ജയ്നമ്മ മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 11.07.2020

8. ഈ ഇടവക മാറാട്ടുകളം തോമസ് - അനിത മകൻ മാത്യുവും മുണ്ടാങ്കൽ സെന്റ് ഡൊമിനിക് ഇടവക പടിഞ്ഞാറേക്കര റ്റോം - ബിനു മകൾ മേരിയും തമ്മിലുള്ള വിവാഹം - 11.07.2020

9. ഈ ഇടവക വലിയപറമ്പിൽ അലക്സ് - മിനി മകൻ മാത്യുവും വെരൂർ ഇടവക വലിയവീട്ടിൽ ജോർജ് - റോസമ്മ മകൾ മരിയയും തമ്മിലുള്ള വിവാഹം - 15.07.2020

10. ഈ ഇടവക പള്ളിക്കത്തയ്യിൽ ജോസഫ് - അന്നമ്മ മകൻ സെബാസ്റ്റ്യനും ഈ ഇടവക കോയിക്കമലയിൽ പ്രസാദ് - അനിത മകൾ മരീനയും തമ്മിലുള്ള വിവാഹം - 10.08.2020

11. ഈ ഇടവക മാളിയേക്കൽ എട്ടുകെട്ടിൽ ജേക്കബ് - നീത മകൻ മാത്യുവും പുളിങ്കുന്ന് ഇടവക പടമറ്റം അഗസ്റ്റിൻ - മോളമ്മ മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 20.08.2020

12. ഈ ഇടവക മൂലയിൽ ജോസഫ് - എൽസി മകൻ ജോസഫും അമ്പൂരി സെന്റ് ജോർജ് പള്ളി ഇടവക പെരുമന സെബാസ്റ്റ്യൻ - ഷൈനി മകൾ റോസയും തമ്മിലുള്ള വിവാഹം - 22.08.2020

---

# ഉത്ഥിതനോടൊപ്പം

| | | |
|---|---|---|
| 1. | വട്ടപ്പറമ്പിൽ ആന്റണി വി.എ. (54) | 05.06.2020 |
| 2. | മഞ്ചേരിക്കളം റോസമ്മ തോമസ് (70) | 07.06.2020 |
| 3. | ഇളപ്പുങ്കൽ ജോസഫ് റ്റി.ഡി. (67) | 22.06.2020 |
| 4. | മലയിൽ ത്രേസ്യാമ്മ വർഗീസ് (80) | 24.06.2020 |
| 5. | കൊടുപ്പുനപോളയ്ക്കൽ കുഞ്ഞമ്മ ചാക്കോ (73) | 25.06.2020 |
| 6. | പള്ളിയടിയിൽ ലതാ മൈക്കിൾ (53) | 11.07.2020 |
| 7. | മുണ്ടുവേലിൽ സിബിച്ചൻ (46) | 14.07.2020 |
| 8. | വട്ടപ്പറമ്പിൽ ഗീത (56) | 25.07.2020 |
| 9. | വള്ളിയാട് അച്ചാമ്മ (94) | 27.07.2020 |
| 10. | നെടുംപറമ്പിൽ ജോൺ തോമസ് (56) | 28.07.2020 |
| 11. | കൂടത്തിങ്കൽ അന്നമ്മ (62) | 01.08.2020 |
| 12. | പുതുപ്പറമ്പ് ജോസഫ് (93) | 05.08.2020 |
| 13. | പുതുപ്പറമ്പിൽ ആന്റണി (88) | 25.08.2020 |
| 14. | തൈപ്പറമ്പിൽ റോസമ്മ ഔസേഫ് (92) | 25.08.2020 |

